# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1292** **10.08.2017-ന് മറുപടിയ്ക്ക്**

**അങ്കമാലി - ശബരി റെയിൽ പാതയുടെ സർവ്വെ നടപടികൾ**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. എൽദോ എബ്രഹാം** | **ശ്രീ.ഇ.ചന്ദ്രശേഖരൻ (റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)** |

(എ) അങ്കമാലി-ശബരി റെയിൽ പാതയുടെ സർവ്വെ നടപടികൾ ആരംഭിക്കുന്നതിനായി റവന്യൂ വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ:

(എ) അങ്കമാലി-ശബരി റെയിൽ പാതയുടെ പൊന്നുംവില നടപടികൾ ത്വരിതപ്പെടുത്തുന്നതിന് പുതിയതായി രണ്ട് സ്പെഷ്യൽ തഹസിൽദാർ ഓഫീസുകൾ 30/05/2017 തീയതിയിലെ സ.ഉ (സാധ)2457/17/റവ നമ്പർ ഉത്തരവു പ്രകാരം തുടങ്ങിയിട്ടുണ്ട്. കൂടാതെ. പൊന്നുംവിലയ്ക്ക് വസ്തു എടുക്കുന്നതിനായി 09/02/2007-ലെ സ.ഉ (എം.എസ്) 47/2007/റവ നമ്പർ ഉത്തരവ് പ്രകാരം കോട്ടയം ജില്ലയിൽ മീനച്ചിൽ താലൂക്കിൽ പാലായിൽ ഇരുപത് ജീവനക്കാരെ ഉൾപ്പെടുത്തി എൽ.എ റയിൽവെ സ്പെഷ്യൽ തഹസിൽദാർ ഓഫീസും പ്രവർത്തിച്ചുവരുന്നു.

കോട്ടയം ജില്ലയിൽ മീനച്ചിൽ താലൂക്കിൽപ്പെട്ട രാമപുരം കടനാട് വെള്ളിലാപ്പള്ളി എന്നീ വില്ലേജുകളിലായി 22.1980 ഹെക്ടർ സ്ഥലം പൊന്നുംവിലയ്ക്കെടുക്കുന്നതിന് അർത്ഥനാപത്രം ലഭിച്ചിട്ടുള്ളതും, സംയുക്ത സ്ഥലപരിശോധന നടത്തുന്നതിനായി റയിൽവെ അധികാരികളെ അറിയിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത ആവശ്യത്തിനായി പുതുതായി അനുവദിച്ച ഓഫീസുകളും അതിലെ തസ്തികകളും ഏതൊക്കെയാണെന്ന് അറിയിക്കാമോ:

(ബി) പുതിയ ഓഫീസുകളുടെ വിവരം

1. സ്പെഷ്യൽ തഹസിൽദാർ (എൽ.എ) റയിൽവെ യൂണിറ്റ് 1, പെരുമ്പാവൂർ
2. സ്പെഷ്യൽ തഹസിൽദാർ (എൽ.എ) റയിൽവെ യൂണിറ്റ് 2, മൂവാറ്റുപുഴ

ഓരോ ഓഫീസിനും അനുവദിച്ച തസ്തിക ചുവടെ ചേർക്കുന്നു.

1. സ്പെഷ്യൽ തഹസിൽദാർ - 1
2. വാല്യുവേഷൻ അസിസ്റ്റന്റ് - 1
3. ഹെഡ് ക്ലാർക്ക് -1
4. റവന്യൂ ഇൻസ്പെക്ടർ-3
5. സീനിയർ ക്ലാർക്ക്-1
6. ക്ലാർക്ക്-2
7. ടൈപ്പിസ്റ്റ്-1
8. വില്ലേജ് അസിസ്റ്റന്റ്-1
9. ഡ്രാഫ്റ്റ്സ്മാൻ-1

10. സർവേയർ-2

11. ചെയിൻമാൻ-4

12. ഓഫീസ് അറ്റൻഡന്റ്-1

13. സ്വീപർ-1

ആകെ **-20 ( ഒരു യൂണിറ്റ്)**

രണ്ട് കാര്യാലയങ്ങൾക്കും കൂടി 40 തസ്തികകൾ അനുവദിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| (സി) | പ്രസ്തുത ഓഫീസുകൾ എന്നത്തേക്ക് പ്രവർത്തനം ആരംഭിക്കുമെന്നും സർവ്വെ നടപടികൾ എപ്പോൾ പൂർത്തിയാക്കാൻ കഴിയും എന്നും അറിയിക്കാമോ? | (സി) | രണ്ട് റയിൽവെ യൂണിറ്റുകളും 01/07/17-ൽ നിലവിൽ വന്നിട്ടുണ്ട്. പ്രസ്തുത യൂണിറ്റിലേക്ക് ജീവനക്കാരെ നിയമിക്കുന്നതിനുള്ള നടപടികൾ ലാന്റ് റവന്യൂ കമ്മീഷണർ സ്വീകരിച്ചുവരുന്നു. സർവെ നടപടികൾ പൂർത്തിയാക്കുന്നതിന് ഏകദേശം 6 മാസവും പൊന്നുംവില നടപടികൾ പൂർത്തിയാക്കുന്നതിന് ഏകദേശം 3 വർഷവും പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ